## ഗ്രീൻ ടിപ്പ്സുമായി കുഞ്ഞിയും അപ്പുവും ടിന്റുവും



ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ സി-ഡിറ്റ് പ്രാവർത്തികമാക്കിയ ഇന്ത്യയിലെ ആദ്യത്തെ സോഷ്യൽ റിയാലിറ്റി ഷോ ആയ ഗ്രീൻ കേരള എക്സ്പ്രസിൽ നിങ്ങൾക്ക് മുന്നിൽ ഗ്രീൻ ടിപ്പ്സുമായി മൂന്ന് കൂട്ടുകാരെത്തുന്നു. പ്രകൃതിയെ മനസിലാക്കുവാനും, പ്രകൃതി വിഭവങ്ങൾ പാഴാക്കാതെ ഉപയോഗിക്കുവാനുമുള്ള സന്ദേശങ്ങളാണ് ടിന്റുവും കുഞ്ഞിയും അപ്പുവും കൂടി പ്രേക്ഷകർക്ക് നൽകുന്നത്.

ടിന്റു എന്ന എലിക്കുട്ടനും കുഞ്ഞി കാക്കച്ചിയും അപ്പു എന്ന വികൃതിയായ നായക്കുട്ടിയുമാണ് കൊച്ചു സന്ദേശങ്ങളിലൂടെ വലിയ ആശയങ്ങളുമായി നിങ്ങൾക്ക് മുന്നിലെത്തുന്നത്. അപ്പുവിന്റെ വികൃതിത്തരങ്ങൾക്ക് മൗനസമ്മതവുമായി ടിന്റുവുണ്ടാകും. കുഞ്ഞിയാണ് അവരെ ഉപദേശിച്ച് തെറ്റുകൾ ചൂണ്ടിക്കാട്ടുന്നത്. അപ്പുവിന് കിഴുക്കു കൊടുത്തു കൊണ്ടാണ് കുഞ്ഞിയുടെ ഉപദേശം.

ഗ്രീൻ കേരള എക്സ്പ്രസിന്റെ ഒരോ എപ്പിസോഡിലും പുതിയ സന്ദേശങ്ങളുമായി ഇവർ ടെലിവിഷൻ സ്ക്രീനിനു താഴെയുണ്ടാകും. ടിന്റുവിനും അപ്പുവിനും ഉപദേശം നൽകുക വഴി കുഞ്ഞി സമൂഹത്തെ പഠിപ്പിക്കുകയുമാണ്. ചെറുതെങ്കിലും നിത്യ ജീവിതത്തിൽ നാം വിസ്മരിക്കാൻ പാടില്ലാത്ത നിരവധി കാര്യങ്ങളാണ് ഈ കൂട്ടുകാർ നിരത്തുന്നത്.

വെള്ളം അമൂല്ല്യമാണെന്നതും, വൈദ്യുതി പാഴാക്കരുതെന്നും, ഇന്ധന ഉപയോഗം നിയന്ത്രിച്ചു വേണമെന്നതും നമ്മൾ അറിഞ്ഞുകൊണ്ടു തന്നെ മറക്കുന്ന കാര്യങ്ങളാണ്. ഇവയെല്ലാം അനിമേഷൻ സൃഷ്ടികളിലൂടെ പ്രേക്ഷക മനസ്സിൽ സ്ഥാപിക്കാൻ കുഞ്ഞിക്കും കൂട്ടർക്കും കഴിയുമെന്ന് തന്നെ പ്രതീക്ഷിക്കാം.